പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2083 **26-10-2026-ൽ മറുപടിയ്ക്ക്**

സബ്സിഡി അരി കുറച്ചതും അരിവണ്ടി പുന:സ്ഥാപിക്കലും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സപ്ലൈകോ വഴി പ്രതിമാസം 10 കിലോഗ്രാം സബ്സിഡി അരി വിതരണം ചെയ്തിരുന്നത് 8 കിലോഗ്രാം ആയി കുറച്ചത് പുന:സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

മറുപടി: സപ്ലൈകോ വിൽപ്പനശാലകൾ വഴി പ്രതിമാസം 10 കിലോഗ്രാം സബ്സിഡി അരി വിതരണം ചെയ്തിരുന്നത് 8 കിലോഗ്രാം ആയി കുറച്ചിട്ടില്ല. ജയ അരി, കുറുവ അരി, മട്ട അരി എന്നീ ഇനങ്ങൾ എല്ലാം കൂടി പ്രതിമാസം കാർഡ് ഒന്നിന് ആകെ 8 കിലോഗ്രാം എന്നും പച്ചരി 2 കിലോഗ്രാം എന്നും ക്രമീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ബി) സപ്ലൈകോയുടെ മാവേലി സ്റ്റോറുകളും തത്തുല്യമായ സ്ഥാപനങ്ങളും ഇല്ലാത്ത ഗ്രാമ പ്രദേശങ്ങളിലേക്ക് സബ്സിഡി നിരക്കിൽ ഉള്ള അരിയും പലവ്യഞ്ജനങ്ങളും സപ്ലൈകോയുടെ വാഹനങ്ങൾ ഉപയോഗിച്ച് അരിവണ്ടി എന്ന പേരിൽ വിതരണം ചെയ്തിരുന്നത് പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ;

മറുപടി: നിലവിൽ കേരളത്തിലെ പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ പ്രദേശങ്ങളിലെയും ജനങ്ങൾക്ക് എത്തിച്ചേരാവുന്ന വിധത്തിൽ സപ്ലൈകോക്ക് 1600ലധികം വില്പനശാലകൾ ഉണ്ട്. ഇതു കൂടാതെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സബ്സിഡി നിരക്കിലുള്ള അവശ്യ സാധനങ്ങളടക്കം ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി മൊബൈൽ മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിലേക്കു കൂടുതൽ മൊബൈൽ മാവേലിസ്റ്റോറുകളുടെ സേവനം എത്തിക്കുന്നതിന് പദ്ധതിയിടുന്നുമുണ്ട്.

(സി) കരിഞ്ചന്തയും വിലക്കയറ്റവും നിയന്ത്രിക്കുന്നതിന് സപ്ലൈകോ വഴി കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്ന ഓൺലൈൻ സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

മറുപടി: കരിഞ്ചന്തയും വിലക്കയറ്റവും നിയന്ത്രിക്കുന്നതിന് സപ്ലൈകോ വഴി കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് സപ്ലൈകോ ഉചിതമായി മാർഗ്ഗങ്ങൾ അവലംബിക്കുന്നുണ്ട്. സപ്ലൈകോ മുൻപ് ഓൺ ലൈൻ വിൽപ്പന നടത്തുന്നതിന് തുടക്കമിട്ടിരുന്നു. നിലവിൽ ഓൺലൈൻ വിൽപ്പന പുനരാരംഭിക്കുന്നതിനുള്ള സാധ്യതകൾ സപ്ലൈകോ പരിശോധിച്ചു വരുന്നു. ആയതിന് ആവശ്യമായ പ്രത്യേക സോഫ്റ്റ്വെയർ ഡെവലപ്പ്മെൻറ് പുരോഗമിക്കുന്നു.

(ഡി) കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ വിവിധ സപ്ലൈകോ സ്ഥാപനങ്ങളിൽ ആവശ്യത്തിന് അരിയും പലവ്യഞ്ജനങ്ങളും മറ്റു സാധനങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മറുപടി: കൈപ്പമംഗലം ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലെയും സപ്ലൈകോ വിൽപ്പനശാലകളിൽ ആവശ്യത്തിന് അരിയും പലവ്യഞ്ജനങ്ങളും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ